കേരള സർക്കാർ

കൊല്ലം ജില്ല

മണ്ണ്സംരക്ഷണ പദ്ധതി

വിലയിരുത്തൽ പഠന സർവെ 2022-23

മാലയിൽ പരുത്തിയറ നീർത്തട സംരക്ഷണ പദ്ധതി

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

കൊല്ലം

2025

G. S. RAJATH
DIRECTOR
(Full Additional Charge)

Department of Economics & Statistics
Vikas Bhavan P.O., Thiruvananthapuram
Kerala-695 033
Phone Office : 0471-2305318
Mobile : 9447115318
e-mail: ecostatdir@gmail.com
website: www.ecostat.kerala.gov.in

Date 26.06.2025

അവതാരിക

'മണ്ണ്' ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. സസ്യങ്ങളുടെ വളർച്ച, ജലശുദ്ധീകരണം, കാർബൺ സംഭരണം എന്നീ പ്രവർത്തനങ്ങൾക്കെല്ലാം മണ്ണ് കൂടിയേ തീരൂ. കോടിക്കണക്കിന് സൂക്ഷ്മജീവികളുടെ ആവാസ കേന്ദ്രം കൂടിയാണ് മണ്ണ്. മണ്ണിന്റെ മുകളിലത്തെ പാളിയാണ് കൃഷിക്ക് ഏറ്റവും അനുയോജ്യമായതും, പോഷകങ്ങൾ നിറഞ്ഞതുമായ ഭാഗം. അതുകൊണ്ട് തന്നെ, മണ്ണൊലിപ്പ് സംഭവിക്കുമ്പോൾ ഈ പ്രധാനപ്പെട്ട പാളി നഷ്ടപ്പെടുകയും അത് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു.

മണ്ണിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ജനങ്ങളുടെ പങ്കാളിത്തത്തോടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇത്തരം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പഠനം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 1973 മുതൽ നടത്തി വരുന്നു. ഇതുവഴി മണ്ണ് സംരക്ഷണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി തയ്യാറാക്കുന്നതിനും നൂതന മാർഗങ്ങൾ അവലംബിക്കുന്നതിനും സർക്കാരിന് സാധിക്കുന്നു. കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്കിലെ വെളിയം ഗ്രാമ പഞ്ചായത്തിൽ 2020 ൽ പൂർത്തിയാക്കിയ നീർത്തട സംരക്ഷണ പ്രവർത്തനമായ മാലയിൽ പരുത്തിയറ പദ്ധതിയുടെ വിലയിരുത്തൽ പഠനം 2022-23 കാലയളവിൽ നടത്തി **മാലയിൽ പരുത്തിയറ വിലയിരുത്തൽ പഠനം** എന്ന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്നത് സ്വാഗതാർഹമാണ്.

ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെയും റിസർച്ച് ഓഫീസറുടെയും മേൽനോട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ 2022-23 കാർഷിക വർഷത്തിലെ വിവരശേഖരണവും ഡാറ്റാ എൻട്രിയും നടത്തി സർവെ പൂർത്തീകരിച്ചു. സർവെയുടെ പ്രവർത്തനങ്ങളിൽ സഹായം ലഭ്യമാക്കിയ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും, തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

DIRECTORATE OF ECONOMICS & STATISTICS * THIRUVANANTHAPURAM *

ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം

കിരൺ. എസ്
ഡെപ്യൂട്ടി ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ്, ജില്ലാ ആസൂത്രണസമിതി
മന്ദിരം,കൊല്ലം
ഫോൺ നം : 0474 2914925
ഇ-മെയിൽ : ecostatklm@gmail.com

കൃതജ്ഞത

നീർത്തട സംരക്ഷണം എന്നത് പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചുകൊണ്ട് സുസ്ഥിര ഉൽപാദനത്തിനായി ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും യുക്തിസഹമായ വിനിയോഗത്തെ സൂചിപ്പിക്കുന്നു. നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികളും പ്രവർത്തനങ്ങളും നീർത്തട സംരക്ഷണത്തിൽ ഉൾപ്പെടുന്നു. ജലത്തിന്റെ ഗുണനിലവാരം നിലനിർത്താനും അരുവികളിലും നദികളിലും ജലത്തിന്റെ സ്ഥിരമായ ഒഴുക്ക് ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു.

മണ്ണ് സംരക്ഷണ വകുപ്പ് ജില്ലകളിൽ പൂർത്തിയാക്കിയ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനമാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തി വരുന്നത്. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാർഷികവർഷത്തെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തൽ പഠനം നടത്തിവരുന്നത്. പദ്ധതികളുടെ സമ്പൂർണവിവരങ്ങൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽനിന്നും ശേഖരിച്ച് ഫ്രെയിം തയ്യാറാക്കി അതിൽനിന്നും സിമ്പിൾ റാൻഡം സാംപ്ലിംഗ് വഴി ഒരു പദ്ധതി തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ശാസ്ത്രീയമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുന്നു.

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിയം ഗ്രാമപഞ്ചായത്തിലെ VII,VIII,IX,X,XV വാർഡുകളിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ RIDF XIX ഉൾപ്പെടുത്തി മാലയിൽ പരുത്തിയറ തോടിന്റെ വൃഷ്ടിപ്രദേശത്ത് നടപ്പിലാക്കിയ പദ്ധതിയാണ് മാലയിൽ പരുത്തിയറ നീർത്തട സംരക്ഷണ പദ്ധതി.

ഈ പദ്ധതിയുടെ വിലയിരുത്തൽ പഠനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കിയ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജനപ്രതിനിധികൾ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കൊല്ലം ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ, വിവരശേഖരണം നടത്തിയ ഇൻവെസ്റ്റിഗേറ്റർ ശ്രീ. മഹേഷ്.ജി, റിപ്പോർട്ട് തയ്യാറാക്കുന്നതിന് മേൽനോട്ടം വഹിച്ച ശ്രീ.വിജയകുമാർ.വി (മുൻ ഡെപ്യൂട്ടി ഡയറക്ടർ) ശ്രീമതി രമ്യ.കെ (മുൻ റിസർച്ച് ഓഫീസർ) ശ്രീ. സുരേഷ്.കെ (റിസർച്ച് ഓഫീസർ) മറ്റ് സഹപ്രവർത്തകർ, എന്നിവർക്ക് ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

കൊല്ലം

30.06.2025

ഡെപ്യൂട്ടി ഡയറക്ടർ

മാലയിൽ പരുത്തിയറ നീർത്തട പദ്ധതി- മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് – കൊല്ലം, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ റിപ്പോർട്ട്.

കൊല്ലം, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ കാര്യാലയത്തിന്റെ കീഴിൽ കൊട്ടാരക്കര മണ്ണ് സംരക്ഷണ ഓഫീസ് മുഖാന്തിരം നടപ്പിലാക്കിയ മാലയിൽ പരുത്തിയറ നീർത്തട പദ്ധതിയുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കൊട്ടാരക്കര താലൂക്കിൽ വെളിയം ഗ്രാമപഞ്ചായത്തിലെ 350 ഹെക്ടർ പ്രദേശം ഉൽപ്പെടുന്നതാണ് മാലയിൽ പരുത്തിയറ നീർത്തട പദ്ധതി. മണ്ണൊലിപ്പ് തടഞ്ഞും ജല സംരക്ഷണം നടത്തിയും വേനൽക്കാലത്ത് ഉണ്ടാകുന്ന ജലദൗർലഭ്യം ഇല്ലാതാക്കി, കാർഷികോദ്പ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുമാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഈ നീർത്തടപദ്ധതി **RIDF XIX**-ൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പിലാക്കിയിരിക്കുന്നത്.

26.04.2014-ലെ കൃഷി **(IFA)** വകുപ്പിന്റെ **G.O** (ആർ. ടി.) **795/2014/AD** നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിയും **28.06.2014**-ലെ മണ്ണ് സംരക്ഷണ അഡീഷണൽ ഡയറക്ടറുടെ പി. ജി.**(2)18464/2013** നമ്പർ ഉത്തരവ് പ്രകാരം **108.12** ലക്ഷം രൂപയുടെ സാങ്കേതികനുമതിയും ഈ പദ്ധതിക്ക് ലഭിച്ചിരുന്നു.

റോഡ്, തോട്, തുടങ്ങിയ പ്രദേശങ്ങൾ ഒഴികെയുള്ള **300** ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് അനുമതി ലഭിച്ചിരുന്നത്. ശരാശരി **30%** ചരിവുള്ള പ്രദേശമാണ് ഈ നീർത്തടത്തിൽ ഉൾപ്പെട്ടിരുന്നത്. പദ്ധതിയുടെ സുഗമവും സ്വതാര്യവുമായ നടത്തിപ്പിന് വേണ്ടി **30.09.2014**-ൽ വെളിയ ഗ്രമാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി. സനൽകുമറിന്റെ അദ്ധ്യക്ഷതയിൽ വെളിയം, മാവിള എൻ. എസ്. എസ്. ആഡിറ്റോറിയത്തിൽ വച്ച് ഗുണഭോക്തൃയോഗം കൂടുകയും **11** അംഗ ഗുണഭോക്തൃകമ്മിറ്റി രൂപീകരിക്കുകയും, ശ്രീ. സജീവ്., കാരോട് ചുരുവിള വീട് എന്നയാളെ കമ്മറ്റി കൺവീനായി തെരഞ്ഞെടുക്കുകയും ചെയ്തു.

12.12.2012-ൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും, ഗുണഭോക്ത്യാവ് നേരിട്ടും ഗുണഭോക്തൃകമ്മിറ്റിമുഖേനയും പദ്ധതി പ്രവർത്തികളായ കല്ല് കയ്യാല, റബ്ബറിനു തട്ടുതിരിക്കൽ, മഴക്കുഴികൾ, പുല്ല് വച്ച് പിടിപ്പിക്കൽ സ്റ്റെബിലൈസേഷൻ സ്ടകച്ചൽ തോടുകളുടെ പാർശ്വഭിത്തി നിർമ്മാണം, തടയണകൾ റിംഗ് പോണ്ട് , **RCC circular farm pond, collection chamber** തുടങ്ങിയവ നടപ്പിലാക്കുകയും **31.03.2020**-ൽ **96.83** ലക്ഷം രൂപ ചെലവാക്കി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

ഈ പദ്ധതി മൂലം ടി നീർത്തടത്തിൽ ഉൾപ്പെട്ട 200 ഓളം ഗുണഭോക്താക്കൾക്ക് നേരിട്ടുള്ള പ്രയോജനവും പദ്ധതി പ്രദേശത്ത് 268 ഹെക്ടർ പ്രദേശത്ത് പരോക്ഷമായിട്ടുള്ള പ്രയോജനവും, പദ്ധതി കാലയളവിൽ 17367 മാൻഡേയസ് പ്രവർത്തിദിനങ്ങൾ ലഭിക്കുമായുണ്ടായി. 268 ഹെക്ടർ പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ മൂലം പദ്ധതി പ്രദേശത്ത് ഫല പ്രദമായി മണ്ണൊലിപ്പ് തടയുവാനും, ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാനും അതുമൂലം കിണറുകളിൽ വേനൽക്കാലത്ത് ജലനിരപ്പ് ഉയരുന്നതിനും കാരണമായിട്ടുണ്ട്. പൊതുവിൽ വേനൽക്കാല വരൾച്ചയെ തടയുവാനും സാധിച്ചിട്ടുണ്ട്. കാർഷിക ഉല്പ്പാദനം 10% മുതൽ 15% വരെ വർദ്ധിപ്പിക്കുവാനും ഈ പദ്ധതിമൂലം സാധിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിനും കാർഷിക ഉന്നമനത്തിനും ഈ പദ്ധതി വളരെയധികം സഹായകമായി എന്ന് വിശ്വസിക്കുന്നു.

Signed by C A Anitha
Date: 06-06-2025 16:06:05

ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ,
കൊല്ലം

മാലയിൽ പരുത്തിയറ നീർത്തട സംരക്ഷണ പദ്ധതി-
കൺവീനറുടെ റിപ്പോർട്ട്

മാലയിൽ പരുത്തിയറ നീർത്തട സംരക്ഷണ പദ്ധതിയുടെ രൂപികരണവുമായി ബന്ധപെട്ട് 30/09/2014 ൽ മാവിള NSS കരയോഗ മന്ദിരത്തിൽ വെളിയം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വക്കേറ്റ് ബി. സനൽകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ഉദ്ഘാടനം ചെയ്യുകയും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർദ്ധിഷ്ട പദ്ധതിയുടെ രൂപരേഖ അവതരിപ്പിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. യോഗത്തിൽ 130 അംഗങ്ങൾ പങ്കെടുക്കുകയും അതിൽ നിന്നും 11 അംഗങ്ങളുള്ള ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമ പഞ്ചായത്തിലെ VII, VIII, IX, X, XV വാർഡുകളിലായി ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ (RIDF XIX) ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പ് 2019-20 ൽ പൂർത്തീകരിച്ച പദ്ധതിയാണ് മാലയിൽ പരുത്തിയറ നീർത്തട പദ്ധതി. നീർത്തടത്തിന്റെ ആകെ വിസ്തീർണ്ണം 350 ഹെക്ടറും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഭൂമിയുടെ വിസ്തീർണ്ണം 300 ഹെക്ടറുമാണ്.

വ്യക്തിഗത ഭൂവികസന പ്രവർത്തനങ്ങളായ കല്ല് കയ്യാല, മണ്ണ് കയ്യാല, മഴക്കുഴി നിർമ്മാണം പുല്ല് വച്ച് പിടിപ്പിക്കൽ എന്നിവയിലൂടെ പദ്ധതി പ്രദേശത്തെ ജനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരുന്ന മണ്ണിടിച്ചിൽ, ശുദ്ധജലക്ഷാമം, കൃഷിനാശം തുടങ്ങിയ അനേകം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പദ്ധതിയുടെ നടത്തിപ്പിലൂടെ സാധിച്ചു.

1,08,12,000 രൂപ അടങ്കലുള്ള ഈ പദ്ധതി 12/12/2012 ൽ ആരംഭിക്കുകയും 31/03/2020 ൽ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു. 240 ഗുണഭോക്താക്കൾക്ക് പ്രത്യക്ഷമായും നിരവധി ഗുണഭോക്താക്കൾക്ക് പരോക്ഷമായും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ മാലയിൽ പരുത്തിയറ നീർത്തട പദ്ധതി വിജയകരമായിരുന്നു.

Sajeev

കൺവീനർ

സജീവ്

കാരോട്ടു വീട്,മാലയിൽ

മാലയിൽ പരുത്തിയറ നീർത്തട പദ്ധതിയുടെ വിലയുരുത്തൽ പഠനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ

മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും

1. ശ്രീ. കിരൺ. എസ് (ഡെപ്യൂട്ടി ഡയറക്ടർ)
2. ശ്രീ. സുരേഷ്. കെ. (റിസർച്ച് ഓഫീസർ)

ഫീൽഡ്തല വിവരശേഖരണവും ഡാറ്റാ എൻട്രിയും സൂക്ഷ്മ പരിശോധനയും

1. ശ്രീ. വിജയകുമാർ. വി. (മുൻ ഡെപ്യൂട്ടി ഡയറക്ടർ)
2. ശ്രീമതി രമ്യ. കെ. (മുൻ റിസർച്ച് ഓഫീസർ)
3. ശ്രീ. മഹേഷ്. ജി. (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)
4. ശ്രീ.രാകേഷ്.ആർ (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)

ഡാറ്റാ മൂല്യനിർണ്ണയം, റിപ്പോർട്ട് തയ്യാറാക്കൽ

1. ശ്രീ. കിരൺ. എസ് (ഡെപ്യൂട്ടി ഡയറക്ടർ)
2. ശ്രീ. സുരേഷ്. കെ. (റിസർച്ച് ഓഫീസർ)
3. ശ്രീ. രാകേഷ്. ആർ. (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)
4. ശ്രീമതി. ശ്രീലക്ഷ്മി.എം. (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)

പേജ് ഡിസൈനിംഗ്

1. നായർ കാർത്തിക ജയധരൻ (യു.ഡി.ടൈപ്പിസ്റ്റ്)

ക്രമ നമ്പർ		അധ്യായം - 1	പേജ്
1.1		ആമുഖം	1
1.2		മണ്ണൊലിപ്പ്	2
1.3		മണ്ണ് സംരക്ഷണം	2
1.4		നന്മയുടെ നീർത്തടങ്ങൾ	3
1.5		നീർത്തട സംരക്ഷണം	3
1.6		നീർത്തട പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ	4
	1.6.1	മണ്ണ് സംരക്ഷണം	4
	1.6.2	ജല സംരക്ഷണം	6
		അധ്യായം - 2	
2.1		മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്	7
2.2		വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ	7
2.3		വകുപ്പിന്റെ നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ	8
2.4		മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ	11
	2.4.1	വിലയിരുത്തൽ പഠന രീതി	12
	2.4.2	വിലയിരുത്തൽ പഠനം - ലക്ഷ്യങ്ങൾ	14
		അധ്യായം - 3	
3.1		പദ്ധതിയെപ്പറ്റി	15
3.2		വെളിയം ഗ്രാമപഞ്ചായത്തിലൂടെ - പൊതുവിവരങ്ങൾ	16
3.3		പ്രധാന വസ്തുതകൾ	18
3.4		രൂപരേഖ	18
3.5		ഗുണഭോക്താക്കളുടെ സാമൂഹിക വിഭാഗം	19
3.6		ഗുണഭോക്താക്കളുടെ കൈവശഭൂമി	19
3.7		മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന രീതി	20
3.8		ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ-സ്ടാറ്റം തിരിച്ച്	20
3.9		പദ്ധതിപ്രദേശത്തെ മണ്ണ് സംരക്ഷണ പ്രവർത്തിയുടെ വിവരങ്ങൾ	21
3.10		ഭൂവിനിയോഗ രീതി	21

3.11		അനുബന്ധ തൊഴിൽ	22
3.12		ജലസേചന സ്ഥിതി	23
3.13		പ്രധാന വിളകൾ	23
	3.13.1	ഹ്രസ്വകാലവിളകൾ	24
	3.13.2	ദീർഘകാല വിളകൾ	24
3.14		ഉൽപാദനം	26
3.15		പരിപാലനം	27
3.16		മണ്ണിന്റെ ഫലഭൂയിഷ്ഠത	27
3.17		പദ്ധതിയെക്കുറിച്ചുള്ള ഗുണഭോക്താവിന്റെ അഭിപ്രായം	28
3.18		പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായം	28
3.19		മണ്ണ് സംരക്ഷണപദ്ധതിയെ സംബന്ധിച്ച അവബോധം	29
3.20		കിണറിലെ ജലവിതാനം	29
3.21		ജലാംശത്തിന്റെ തോത്	30
3.22		തോടിന്റെ പാർശ്വസംരക്ഷണം	30
3.23		നീരൊഴുക്ക്	30
3.24		മണ്ണൊലിപ്പിന്റെ തോത്	32
3.25		കൃഷി നാശം	32
3.26		മണ്ണിടിച്ചിൽ	33
3.27		ശുദ്ധജല ക്ഷാമം	33
3.28		പാരിസ്ഥിതിക പ്രശ്നങ്ങൾ	34
3.29		മാലയിൽ പരുത്തിയറ നീർത്തട പദ്ധതി – നേർക്കാഴ്ച്ചകളിലൂടെ	36
		അധ്യായം - 4	
4.1		ഉപസംഹാരം	37
4.2		അനുബന്ധം	
	എ	നീർത്തട ഭൂപടം - കൊല്ലം ജില്ല	39
	ബി	ചോദ്യാവലി	40

അദ്ധ്യായം 1

മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവെ 2022-23

1.1 ആമുഖം

മണ്ണ് നമ്മുടെ ഭൂമിയുടെ അവിഭാജ്യ ഘടകമാണ്, അത് ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. വന്യജീവികൾക്കും സസ്യങ്ങൾക്കും മനുഷ്യർക്കും ജീവൻ നിലനിർത്തുന്ന ഒരു സ്രോതസ്സാണ് മണ്ണ്. സസ്യവളർച്ചയ്ക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും അത്യന്താപേക്ഷിതമായ വിവിധ പോഷകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു, കൂടാതെ ജലപ്രവാഹം, പരിസ്ഥിതി സന്തുലിതാവസ്ഥ, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുമുണ്ട്. മണ്ണിലേക്കിറങ്ങുന്ന വെള്ളം വൃത്തിയാക്കുകയും സംഭരിക്കുകയും ചെയ്യുന്നതുവഴി ഒരു പ്രകൃതിദത്ത അരിപ്പ എന്നും ഇതിനെ വിശേഷിപ്പിക്കാം.

കൃഷി, വ്യവസായം, വന്യജീവി സംരക്ഷണം എന്നിവയിൽ മണ്ണ് ഉപയോഗിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനും, മലിനീകരണം കുറയ്ക്കുന്നതിനും, ജലചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനും ശരിയായ മണ്ണിന്റെ ഉപയോഗം സഹായിക്കുന്നു. ഏറ്റവും മികച്ച ഉൽപ്പന്നങ്ങൾ നൽകുന്നതിനും, ഭക്ഷണത്തിന്റെ വൈവിധ്യം സംരക്ഷിക്കുന്നതിനും മണ്ണിനെ സംരക്ഷിക്കുകയും ശരിയായി കൈകാര്യം ചെയ്യേണ്ടതും ആവശ്യമാണ്. മണ്ണും വെള്ളവും സുപ്രധാന വിഭവങ്ങളാണ്, അവ ഭക്ഷ്യോൽപ്പാദനത്തിനും, ആവാസവ്യവസ്ഥയ്ക്കും, മനുഷ്യന്റെ ക്ഷേമത്തിനും അടിസ്ഥാനമായി വർത്തിക്കുന്നു. അവയുടെ വിലമതിക്കാനാവാത്ത പങ്ക് തിരിച്ചറിഞ്ഞുകൊണ്ട്, ഭാവി തലമുറകൾക്കായി ഈ വിഭവങ്ങൾ - **മണ്ണും വെള്ളവും** - സംരക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

മണ്ണിനെ നമ്മൾ പരിപാലിക്കേണ്ടതുണ്ട്. നമ്മൾ അതിനെ മലിനമാക്കുകയോ നഷ്ടപ്പെടുകയോ ചെയ്താൽ, നമുക്ക് അത് വാങ്ങാനോ കൂടുതൽ ഉണ്ടാക്കാനോ കഴിയില്ല.

ആരോഗ്യമുള്ള മണ്ണ് എന്നാൽ ആരോഗ്യകരമായ ജീവിതം എന്നാണ്. ഇത് മനുഷ്യൻ എന്നും ഓർത്തിരിക്കേണ്ടതാണ്. വരും തലമുറയെയും മണ്ണിനെ സ്നേഹിക്കാൻ പഠിപ്പിക്കണം. കുട്ടികൾ മണ്ണറിഞ്ഞുതന്നെ വളരണം. അനേകം കോടിസസ്യ-ജന്തുജാലങ്ങളിലെ ജീവന്റെ തുടിപ്പിനെ നിലനിർത്തുന്ന ആവാസ വ്യവസ്ഥയാണ് മണ്ണ് എന്ന് തിരിച്ചറിയണം.

1.2 മണ്ണൊലിപ്പ്

മണ്ണൊലിപ്പ് എന്നത് മണ്ണിന്റെ മുകളിലെ പാളി ക്രമേണ തെയ്മാനം സംഭവിക്കുന്നതിനെയോ സ്ഥാനഭ്രംശം സംഭവിക്കുന്നതിനെയോ സൂചിപ്പിക്കുന്നു. ഈ മേൽമണ്ണ് സാധാരണയായി ഏറ്റവും ഫലഭൂയിഷ്ഠമായ ഭാഗമാണ്, സസ്യങ്ങൾക്ക് വളരാൻ ആവശ്യമായ പോഷകങ്ങളും ജൈവവസ്തുക്കളും അടങ്ങിയിരിക്കുന്നു. ഇത് ഒലിച്ചു പോകുമ്പോൾ സസ്യ ജീവിതം നിലനിർത്താനുള്ള ഭുമിയുടെ ശേഷി കുറയുന്നു. കാറ്റ്, വെള്ളം തുടങ്ങിയവ മൂലമുണ്ടാകുന്ന ഒരു സ്വാഭാവിക സംഭവമാണ് മണ്ണൊലിപ്പ് എങ്കിലും മനുഷ്യന്റെ പ്രവർത്തനങ്ങളായ വന നശീകരണം, നിർമ്മാണം, ഖനനം എന്നിവയും മണ്ണൊലിപ്പിന്റെ പ്രധാന കാരണങ്ങളാണ്.

1.3 മണ്ണ് സംരക്ഷണം

മണ്ണൊലിപ്പ്, മലിനീകരണം, ഫലഭൂയിഷ്ഠത കുറയുന്നത് എന്നിവയിൽ നിന്ന് മണ്ണിനെ സംരക്ഷിക്കുന്ന പ്രക്രിയയാണ് മണ്ണ് സംരക്ഷണം. നമ്മുടെ നിലനിൽപ്പിന് മണ്ണ് വളരെ പ്രധാനമാണ്, കാരണം നമ്മുടെ ഭക്ഷണത്തിന്റെ 95% വും മണ്ണിൽ നിന്നാണ് ലഭിക്കുന്നത്. മണ്ണൊലിപ്പ് തടയുന്നതിനും, മണ്ണിന്റെ ഫലഭൂയിഷ്ഠതയും ആരോഗ്യകരമായ ആവാസവ്യവസ്ഥയും നിലനിർത്തുന്നതിനും വിവിധ തരത്തിലുള്ള മണ്ണ് സംരക്ഷണ രീതികൾ അവലംബിച്ചിട്ടുണ്ട്. സസ്യങ്ങൾ നട്ടുപിടിപ്പിക്കുക, തടയണകൾ നിർമ്മിക്കുക, കോണ്ടൂർ കൃഷി, പുതയിടൽ, വിള പരിക്രമണം, ജൈവ വളങ്ങൾ ഉപയോഗിക്കുക, നീർക്കുഴികളുടെ നിർമ്മാണം, പുൽകൃഷി തുടങ്ങിയവ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങളാണ്.

1.4 നമ്മയുടെ നീർത്തടങ്ങൾ

ഒരു നിശ്ചിത ഭൂപ്രദേശത്ത് പതിക്കുന്ന മഴവെള്ളവും മറ്റ് ജലസ്രോതസ്സുകളും ഒരു പൊതുവായ സ്ഥലത്തേക്ക് ഒഴുകിയെത്തുന്ന ഭൂമിശാസ്ത്രപരമായ മേഖലയെയാണ് നീർത്തടം എന്ന് പറയുന്നത്. ചില സന്ദർഭങ്ങളിൽ, ജലം താൽക്കാലികമായോ സ്ഥിരമായോ കെട്ടിനിൽക്കുന്ന ചതുപ്പുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയെയും നീർത്തടം എന്ന് പറയാറുണ്ട്.

1.5 നീർത്തട സംരക്ഷണം

'നീർത്തട സംരക്ഷണം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു നീർത്തടത്തെ സംരക്ഷിക്കുകയും അതിന്റെ പാരിസ്ഥിതികമായ ആരോഗ്യവും പ്രവർത്തനക്ഷമതയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ നീർത്തടങ്ങളെ സംരക്ഷിക്കേണ്ടത് വളരെ പ്രധാനമാണ്. കാരണങ്ങൾ ചുവടെ ചേർക്കുന്നു.

- **ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നു:** നീർത്തടങ്ങൾ സ്വാഭാവിക ഫിൽട്ടറുകളായി പ്രവർത്തിക്കുകയും ജലത്തിലെ മാലിന്യങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.
- **ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നു:**മഴവെള്ളം സംഭരിക്കാനും ഭൂഗർഭജലം റീച്ചാർജ് ചെയ്യാനും നീർത്തടങ്ങൾ സഹായിക്കുന്നു.
- **മണ്ണിന്റെ സംരക്ഷണം:**നീർത്തടങ്ങളിലെ സസ്യങ്ങൾ മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുകയും ചെയ്യുന്നു.
- **ജൈവവൈവിധ്യം നിലനിർത്തുന്നു:**വിവിധതരം സസ്യങ്ങൾക്കും ജന്തുക്കൾക്കും വാസയോഗ്യമായ സാഹചര്യം ഒരുക്കുന്നു.
- **പ്രകൃതിദുരന്തങ്ങൾ ലഘൂകരിക്കുന്നു:** വെള്ളപ്പൊക്കം പോലെയുള്ള പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ നീർത്തടങ്ങൾക്ക് കഴിയും.

1.6 നീർത്തട പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ

നീർത്തട പരിപാലനം എന്നത് ഒരു പ്രത്യേക നീർത്തടത്തിനുള്ളിൽ, പ്രകൃതിവിഭവങ്ങൾ (മണ്ണ്, ജലം, സസ്യജാലങ്ങൾ) സുസ്ഥിരമായി കൈകാര്യം ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ്. ഇത് മണ്ണൊലിപ്പ് തടയുക, ജലലഭ്യത ഉറപ്പാക്കുക, പരിസ്ഥിതി പുനഃസ്ഥാപിക്കുക, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തനങ്ങളാണ്.

1.6.1 മണ്ണ് സംരക്ഷണം

- **കയ്യാലകൾ/ ബണ്ടുകൾ**

  ഒരു ചരിവിന് കുറുകെ മണ്ണ് കൊണ്ട് നിർമ്മിച്ച ഒരു ചിറയെയോ വരമ്പിനെയോ ആണ് കയ്യാലകൾ/ബണ്ടുകൾ എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്. കൃഷിയിലും ഭൂപരിപാലനത്തിലും ഉപയോഗിക്കുന്ന ഒരു മണ്ണ് ജല സംരക്ഷണ മാർഗ്ഗമാണിത്.

- **കല്ല് കയ്യാലകൾ**

  'കല്ല് കയ്യാലകൾ' എന്നത് ഒരു ചരിവിന് കുറുകെ കല്ലുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ബണ്ടുകളാണ്. അവ സാധാരണവും ഫലപ്രദവുമായ മണ്ണ്, ജല സംരക്ഷണ സാങ്കേതിക വിദ്യയാണ്.

- **വേദികകൾ/ തട്ടുതിരിക്കൽ**

  ചരിഞ്ഞ ഭൂമിയെ കൃഷി ചെയ്യുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വേണ്ടി നിരവധി തട്ടുകളായി തിരിക്കുന്ന രീതിയാണിത്. ഇതിനെ ടെറസ് കൃഷി എന്നും പറയാറുണ്ട്.

- **കോണ്ടൂർ ട്രഞ്ചുകൾ**

  കോണ്ടൂർ ട്രഞ്ചുകൾ എന്നത് ചരിഞ്ഞ ഭൂപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും ജലം സംരക്ഷിക്കുന്നതിനും വേണ്ടി കോണ്ടൂർ രേഖകൾക്ക് സമാന്തരമായി നിർമ്മിക്കുന്ന നീർച്ചാലുകളാണ്. കോണ്ടൂർ രേഖകൾ എന്നാൽ ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാങ്കൽപ്പിക രേഖകളാണ്. അതിനാൽ,

കോണ്ടൂർ ട്രഞ്ചുകൾ ഭൂപ്രകൃതിയുടെ സ്വാഭാവിക രൂപത്തെ പിന്തുടർന്ന് ചരിവിന് കുറുകെയാണ് നിർമ്മിക്കുന്നത്.

- **മഴക്കുഴികൾ**

മഴക്കുഴികൾ എന്നത് മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങാൻ സഹായിക്കുന്നതിന് വേണ്ടി നിർമ്മിക്കുന്ന ചെറിയ കുഴികളാണ്. മഴവെള്ള സംഭരണത്തിനും ഭൂഗർഭജല റീചാർജിംഗിനും മണ്ണൊലിപ്പ് തടയുന്നതിനും ഇത് വളരെ ഫലപ്രദമായ ഒരു മാർഗ്ഗമാണ്. വീടുകളിലും കൃഷിയിടങ്ങളിലും പറമ്പുകളിലുമെല്ലാം മഴക്കുഴികൾ നിർമ്മിക്കാറുണ്ട്.

- **വൃക്ഷത്തടങ്ങൾ**

വൃക്ഷത്തടങ്ങൾ എന്നത് ഒരു മരത്തിന്റെ ചുവട്ടിൽ, മരത്തിനെ ചുറ്റി മണ്ണ് ഉയർത്തി അല്ലെങ്കിൽ താഴ്ത്തി നിർമ്മിക്കുന്ന ചെറിയ വരമ്പുകളാണ്. ഇവ പലപ്പോഴും വൃത്താകൃതിയിലോ ചതുരാകൃതിയിലോ നിർമ്മിക്കാറുണ്ട്.

- **മൺതിടിലുകൾ**

മൺതിടിലുകൾ എന്നത് ഒരു പ്രദേശത്തിന്റെ ചരിവിനനുസരിച്ച്, മണ്ണ് ഉപയോഗിച്ച് നിർമ്മിക്കുന്ന വരമ്പുകളാണ്. ഇവ സാധാരണയായി കൃഷിയിടങ്ങളിലും തരിശുഭൂമികളിലും മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനും വേണ്ടിയാണ് നിർമ്മിക്കുന്നത്. നീർത്തട പരിപാലനത്തിലെ ഒരു പ്രധാന ഘടകമാണിത്.

- **പുൽവരമ്പുകൾ**

പുൽവരമ്പുകൾ എന്നത് മഴവെള്ളം ഒഴുകിപ്പോകുന്നത് തടയുന്നതിനും മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനും വേണ്ടി ചരിഞ്ഞ പ്രദേശങ്ങളിൽ പുല്ലുകൾ നട്ടുപിടിപ്പിച്ച് നിർമ്മിക്കുന്ന ചെറിയ വരമ്പുകളാണ്. പുല്ലുകളുടെ വേരുപടലത്തിന്റെ ശക്തി ഉപയോഗിച്ച് മണ്ണിനെ സംരക്ഷിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. നീർത്തട പരിപാലനത്തിൽ വളരെ ലളിതവും ചെലവ് കുറഞ്ഞതുമായ ഒരു മാർഗ്ഗമാണിത്.

1.6.2 ജല സംരക്ഷണം

- **മഴവെള്ള സംഭരണം:** മഴവെള്ളം കിണറുകളിലേക്ക് റീചാർജ് ചെയ്യുക, മഴക്കുഴികൾ നിർമ്മിക്കുക, കുളങ്ങളും ചിറകളും പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മഴവെള്ളം പരമാവധി സംഭരിക്കുകയും ഭൂഗർഭജലവിതാനം ഉയർത്തുകയും ചെയ്യാം.
- **ജലസേചന കാര്യക്ഷമത:** ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിങ്ക്ലർ ഇറിഗേഷൻ പോലുള്ള ആധുനിക ജലസേചന രീതികൾ ഉപയോഗിച്ച് ജലം പാഴാക്കുന്നത് തടയാം.
- **നീർച്ചാലുകളുടെ സംരക്ഷണം:** നീർച്ചാലുകളിലെ തടസ്സങ്ങൾ നീക്കി ഒഴുക്ക് സുഗമമാക്കുകയും, നീർച്ചാലുകളുടെ വശങ്ങൾ ബലപ്പെടുത്തി മണ്ണൊലിപ്പ് തടയുകയും ചെയ്യാം.
- **ജലസ്രോതസ്സുകളുടെ ശുദ്ധീകരണം:** കിണറുകൾ, കുളങ്ങൾ, നദികൾ എന്നിവ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നത് ജലത്തിന്റെ ഗുണമേന്മ നിലനിർത്താൻ സഹായിക്കും.
- **ചെറു കുളങ്ങൾ:** പുരയിടത്തിൽ നിന്നും വെള്ളം ഒഴുകി പോകുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിനു മുമ്പായി ചെറു കുളങ്ങൾ നിർമ്മിച്ചു ജലവും അതിനൊപ്പം ഒഴുകിപോകുന്ന മണ്ണും തടഞ്ഞു നിർത്താം. വശങ്ങൾ പുല്ലു വച്ച് ബലപ്പെടുത്താവുന്നതാണ്.

അദ്ധ്യായം 2

2.1 മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവത്രയങ്ങളുടെ സംരക്ഷണവും, ശാസ്ത്രീയമായ വിവര ശേഖരണത്തിൻറെ അടിസ്ഥാനത്തിൽ അവയുടെ പരിപാലനവും വികസനവും ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുന്ന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് 1963 ൽ ഒരു സ്വതന്ത്ര വകുപ്പായി രൂപം കൊണ്ടതാണ്. വകുപ്പിനുകീഴിൽ മണ്ണ് സംരക്ഷണം, മണ്ണ് പര്യവേക്ഷണം എന്നീ രണ്ട് വിഭാഗങ്ങളിലായി വിവിധ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൽസ്ഥല ജലപരിപാലനത്തിനൂന്നൽ നൽകികൊണ്ടുള്ള പരിസ്ഥിതി സൗഹാർദ്ദപരവും ചെലവുകുറഞ്ഞതുമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾവഴി ഭൂഗർഭജലവിതാനം പരിപോഷിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് വകുപ്പ് പ്രധാനമായും നടപ്പലാക്കി വരുന്നത്.

സംസ്ഥാനത്ത് മണ്ണ് ജല സംരക്ഷണവും പരിപാലനവും നടപ്പിലാക്കുവാൻ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. സമഗ്രമായ മണ്ണ് പര്യവേക്ഷണ പഠനങ്ങൾ വഴി മണ്ണിനങ്ങൾ സംബന്ധിച്ച് വിശദമായ ഡാറ്റ ബേസ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സുസ്ഥിരമായ വികസന കാഴ്ചപ്പാടോടെ ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ വകുപ്പ് ആസൂത്രണം ചെയ്തുവരുന്നു.

കാർഷിക ഉന്നമനവും സൗഹാർദ്ദപരമായ പരിസ്ഥിതിയും സമൃദ്ധമായ ജലസമ്പത്തും എന്ന ലക്ഷ്യത്തോടെ വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

2.2 വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

- ഭൂവിഭവ സംരക്ഷണം ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെയുള്ള നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ മേൽനോട്ടവും നടത്തിപ്പും.

- ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെയുള്ള മണ്ണ്, ഭൂവിഭവങ്ങളടെ വിവരശേഖരണവും വിജ്ഞാന വ്യാപനവും.
- ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭൂവിനിയോഗ നിർണ്ണയം .
- മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ചും, മനുഷ്യന് മണ്ണ് നൽകുന്ന സേവനങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുക. വിശദ മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനുതകുന്ന ഭുവിജ്ഞാന വിവര ശേഖരണവും വ്യാപനവും.
- ഓരോ പ്രദേശത്തിന്റെയും സമഗ്രവികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉതകുന്ന അടിസ്ഥാന രേഖയായ പഞ്ചായത്തുതല വിശദ മണ്ണ് ഭൂവിഭവ റിപ്പോർട്ടുകളുടേയും ഭൂപടങ്ങളുടേയും പ്രസിദ്ധീകരണം.
- ഫലഭൂയിഷ്ഠമായ മേൽമണ്ണ് സംരക്ഷണത്തിലൂടെയുള്ള കാർഷിക ഉൽപാദന വർദ്ധനവ്. തൽസ്ഥല ജലസംരക്ഷണത്തിലൂടെ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുക.
- മണ്ണ് ജല സംരക്ഷണത്തിലൂടെയുള്ള കാർഷിക ഉൽപാദന വർദ്ധനവ്.
- മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള/ ഉണ്ടായ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ.

2.3 വകുപ്പിന്റെ നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ മണ്ണ് സംരക്ഷണ വകുപ്പ് നീർച്ചാലുകളുമായി ബന്ധപ്പെട്ട് നിരവധി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ മണ്ണൊലിപ്പ് തടയുക, ജലലഭ്യത ഉറപ്പാക്കുക, വെള്ളപ്പൊക്കം നിയന്ത്രിക്കുക, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക, പരിസ്ഥിതിയെ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ്.

നീർച്ചാലിലെ സംരക്ഷണത്തിനായി മണ്ണ് സംരക്ഷണ വകുപ്പ് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

- **തടയണകൾ(ചെക്ക്ഡാം)**

നീരൊഴുക്കിനെതിരെ തുടർച്ചയായി തടസ്സങ്ങൾ സൃഷ്ടിച്ച് ജലപ്രവാഹത്തിന്റെ ശക്തി കുറയ്ക്കുക എന്നതാണ് തടയണകളുടെ ഉദ്ദേശ്യം. ഭൂമിയുടെ ചരിവ്, മഴയുടെ തോത്,

തോടിന്റെ വീതി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ച് നീരൊഴുക്കിന്റെ തോത് മനസിലാക്കുകയും അനുയോജ്യമായ ചെക്ക്ഡാം നിർമ്മിക്കുകയും ചെയ്യുന്നു.

- **ജൈവതടയണകൾ**

നീർച്ചാലുകളുടെ ആരംഭത്തോടടുത്തുള്ള ഭാഗങ്ങളിൽ ഇത്തരം തടയണകൾ ഫലപ്രദമാണ്. പുൽവർഗങ്ങൾ, രാമച്ചം, ഔഷധസസ്യങ്ങൾ, പച്ചിലവളങ്ങൾ തുടങ്ങിയ ചെടികൾ ചാലിനു കുറുകെ വച്ചുപിടിപ്പിച്ച് ഒഴുകിവരുന്ന മണ്ണിനെ തടഞ്ഞു നിർത്താം.

- **ബ്രഷ് വുഡ് തടയണകൾ**

നീരൊഴുക്ക് ശക്തിയാർജ്ജിക്കുന്ന ഇടങ്ങളിൽ ഇത്തരം തടയണകൾ നിർമ്മിക്കാം. ചാലിനു കുറുകെ നിരകളായി തളിർക്കുന്ന മരക്കുറ്റികൾ നടുകയും അവയ്ക്കിടയിൽ ചുള്ളികമ്പുകൾ, മരച്ചില്ലകൾ, വള്ളിപ്പടർപ്പ് തുടങ്ങിയവ കെട്ടി ബലപ്പെടുത്തിയുമാണ് ബ്രഷ് വുഡ് തടയണകൾ ഉണ്ടാക്കുന്നത്. മരക്കുറ്റികൾ ക്രമേണ തളിർത്ത് തടയണകൾ ബലപ്പെടുകയും, നീരൊഴുക്കിന്റെ വേഗതകുറച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു.

- **ലോഗ് വുഡ് / പാഴ്ത്തടി തടയണകൾ**

തോടുകളിൽ നീരൊഴുക്കിനു കുറുകെ മരത്തടികൾ കെട്ടിയുറപ്പിച്ചു നിർമ്മിക്കുന്ന തടയണകളാണിത്. ഇവ ഒഴുകിവരുന്ന മണ്ണിനെ തടഞ്ഞുവയ്ക്കുകയും നീരൊഴുക്കിന്റെ വേഗത കുറയ്ക്കുകയും ചെയ്യുന്നു.

- **ഗ്യബിയൻ ചെക്ക്ഡാം**

നിശ്ചിത കട്ടിയുള്ള വേലിക്കമ്പി കൊണ്ട് തയ്യാറാക്കിയ ബോക്സുകൾക്കുള്ളിൽ കല്ലുകൾ നിറച്ച് നിർമിക്കുന്ന തടയണകളാണിവ. കമ്പികൾ ഉപയോഗിക്കുന്നതിനാൽ പാറകൾ ഇളകാതിരിക്കുകയും, ദീർഘകാലം നിലനിൽക്കുകയും ചെയ്യും.

- **കല്ല്, കോൺക്രീറ്റ് തടയണ**

നീരൊഴുക്കിന്റെ തോതും തോടുകളുടെ വീതിയും കൂടുതലുള്ളിടങ്ങളിൽ കാട്ടുകല്ല്, കരിങ്കല്ല്, സിമന്റ് തുടങ്ങിയവ ഉപയോഗിച്ചു തടയണകൾ നിർമ്മിക്കാം.

❖ **പാർശ്വഭിത്തികൾ**

നീർച്ചാലുകളുടെയും അരുവികളുടെയും അരിക് ഇടിഞ്ഞ് വീണ് നാശോന്മുഖമാകുന്നത് തടയാനാണ് ചാലുകളുടെ പാർശ്വങ്ങളിൽ ഭിത്തി നിർമ്മിക്കുന്നത്. കരയിടിച്ചിൽ തടയാനും, കൃഷിസ്ഥലങ്ങളിൽ മണ്ണടിയുന്നത് തടയാനും പാർശ്വഭിത്തികൾ സഹായിക്കുന്നു.

❖ **സസ്യങ്ങൾ കൊണ്ടുള്ള സംരക്ഷണം**

നീർച്ചാലുകളുടെ പാർശ്വങ്ങളിൽ കൈത, രാമച്ചം, ഈറ്റ, മുള തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം. ചെലവു കുറഞ്ഞതും ഫലപ്രദവുമായ മാർഗ്ഗമാണിത്.

❖ **കയർ ഭൂവസ്ത്രം**

തികച്ചും പ്രകൃതി സൗഹാർദ്ദ രീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും തോടുകളുടെ പാർശ്വങ്ങൾ സംരക്ഷിക്കാം. മീതെ പുൽവർഗങ്ങൾ വച്ചു പിടിപ്പിച്ച് ബലപ്പെടുത്താവുന്നതാണ്.

❖ **കല്ലു കൊണ്ടുള്ള പാർശ്വഭിത്തി**

നീരൊഴുക്കിന്റെ തോതും കല്ലിന്റെ ലഭ്യതയും അനുസരിച്ച് കാട്ടുകല്ല്, കരിങ്കല്ല്, സിമന്റ് തുടങ്ങിയവ ഉപയോഗിച്ച് തോടുകളുടെ പാർശ്വഭിത്തി നിർമ്മിക്കാം.

❖ **നീരുറവകളുടെ സംരക്ഷണം**

പ്രകൃതിയിലുള്ള നീരുറവകളെ കാർഷിക പ്രവൃത്തികളോ നിർമ്മാണ പ്രവർത്തനങ്ങളോ മൂലം നശിച്ചു പോകാതെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

❖ **മഴവെള്ള സംഭരണം**

പൊതുവേ മഴലഭ്യത കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് മഴവെള്ളസംഭരണത്തിനു സാധ്യതകൾ കൂടുതലാണ്. നിലവിലുള്ള ജലസ്രോതസ്സുകളെ ആശ്രയിക്കാതെ തന്നെ നിത്യോപയോഗത്തിനുള്ള വെള്ളം ഈ രീതിയിൽ സംഭരിക്കാം.

- ❖ **ഫെറോസിമെന്റ് സംഭരണി**

മേൽക്കൂരയിൽ നിന്നും ഒഴുകി വരുന്ന വെള്ളത്തെ പി.വി.സി. പാത്തികളിലൂടെ ടാങ്കുകളിൽ ശേഖരിച്ച് നേരിട്ട് ഉപയോഗിക്കുന്ന ലളിതമായ രീതിയാണിത്. 15000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ഫെറോസിമന്റ് ടാങ്ക് നിർമ്മിച്ചാൽ 4 പേരടങ്ങുന്ന കുടുംബത്തിന് 4 മാസം വരെ പാചകേതര ആവശ്യങ്ങൾക്കുള്ള വെള്ളം 1000 ചതുരശ്ര അടിമേൽക്കൂര വിസ്തീർണ്ണത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്.

- ❖ **ജലസംഭരണികൾ**

ഉപരിതലപ്രവാഹം ശേഖരിക്കാനുതകുന്ന കുളങ്ങൾ ഭൂഗർഭജലവിതാനം ഉയർത്തുന്നതിന് അനിവാര്യമാണ്. കൃഷിയാവശ്യത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി കുളങ്ങളുടെ പുനരുദ്ധാരണവും പുതിയ ജലശ്രോതസ്സുകളുടെ വികസനവും ആവശ്യമാണ്. ഇതുവഴി ഭൂജലസ്രോതസ്സിന്മേലുള്ള ആശ്രയത്വം കുറയുകയും വേനൽക്കാലത്ത് കൂടുതൽ ജലം ലഭ്യമാകുകയും ചെയ്യും.

- ❖ **കിണർ റീചാർജ്ജിംങ്**

മഴയുള്ള സമയത്ത് മേൽക്കൂരയിൽ നിന്നും മഴവെള്ളം പാത്തികളിൽ കൂടി ശേഖരിച്ച് കിണറിന് മുകൾവശത്തായി എടുത്ത കുഴികളിലേയ്ക്കോ, അല്ലെങ്കിൽ ഫിൽറ്റർ വഴി നേരിട്ടു കിണറിലേയ്ക്കോ ഇറക്കുന്ന രീതിയാണ് ഇത്. വേനൽക്കാലത്ത് ജലലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം കിണറ്റിലേക്കുള്ള ഉറവകൾ ശക്തിപ്പെടുത്തുവാനും ഈ മാർഗ്ഗം സഹായിക്കും. ഉപയോഗശൂന്യമായ കിണറുകളും കുഴൽക്കിണറുകളും ഇപ്രകാരം മഴവെള്ളം ഭൂജലത്തിലേക്ക് എത്തിക്കാൻ ഉപയോഗിക്കാവുന്നതാണ്. കാലക്രമേണ ഇവയിലും ഉറവകൾ എത്തി തുടങ്ങും.

2.4 മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ

മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം 1973 മുതൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തി വരുന്നു. ഒരു മണ്ണ് സംരക്ഷണ പദ്ധതിയുടെ വിലയിരുത്തൽ എന്നത് ആ പദ്ധതിയുടെ

ഫലപ്രാപ്തി, കാര്യക്ഷമത, പ്രസക്തി, സുസ്ഥിരത എന്നിവയെക്കുറിച്ചുള്ള ഒരു സമഗ്രമായ പഠനമാണ്.

ഒരു മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തുന്നതിന് വിവിധ രീതികളും സാങ്കേതിക വിദ്യകളും ഉപയോഗിക്കാം. ഉദാഹരണത്തിന്, ഭൂമിയിലെ മണ്ണൊലിപ്പ് അളക്കുന്നതിനും മണ്ണിന്റെ ഗുണമേന്മ വിലയിരുത്തുന്നതിനും വിദൂര സംവേദനം, ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാം. അതുപോലെ, ഗുണഭോക്താക്കളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന് സർവെകളും അഭിമുഖങ്ങളും നടത്താം.

ഒരു മണ്ണ് സംരക്ഷണ പദ്ധതിയുടെ വിജയകരമായ വിലയിരുത്തൽ ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും വളരെ പ്രധാനമാണ്. ഇത് പദ്ധതിയുടെ പോരായ്മകൾ തിരിച്ചറിയാനും കൂടുതൽ ഫലപ്രദമായ രീതികൾ അവലംബിക്കാനും സഹായിക്കും.

2.4.1 വിലയിരുത്തൽ പഠന രീതി

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് വിവിധ പഠന രീതികളും സൂചകങ്ങളും ഉപയോഗിക്കാറുണ്ട്. ഇത് നടപ്പിലാക്കിയ പദ്ധതികൾ എത്രത്തോളം വിജയകരമാണെന്ന് മനസ്സിലാക്കാനും ഭാവിയിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും സഹായിക്കുന്നു.

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ജില്ലകളിൽ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം നടത്തിവരുന്നത് കാർഷിക വർഷത്തെ (ജൂലൈ 1 മുതൽ ജൂൺ 30 വരെ) അടിസ്ഥാനമാക്കിയാണ്. പദ്ധതികളുടെ സമ്പൂർണ വിവരങ്ങൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽ നിന്നും ശേഖരിച്ച് പദ്ധതികളുടെ ഫ്രെയിം തയ്യാറാക്കി അതിൽ നിന്നും സിമ്പിൾ റാൻഡം സാംപ്ലിങ് വഴി ഒരു പദ്ധതി തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ശാസ്ത്രീയമായി തയാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിയ്ക്കുന്നു.

തെരഞ്ഞെടുത്ത പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം 100 ൽ താഴെയാണെങ്കിൽ, രണ്ടു പദ്ധതികൾ തെരഞ്ഞെടുത്ത് എല്ലാ ഗുണഭോക്താക്കളെയും സർവെയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ വാട്ടർ ഷെഡ്, ഡ്രെയിനേജ് & ഫ്ലഡ് പ്രൊട്ടക്ഷൻ പദ്ധതി എന്നിവയിൽ നിന്നും 2019-20 ൽ പൂർത്തീകരിച്ച പദ്ധതികളാണ് 2022-23 വർഷത്തെ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും പദ്ധതിക്ക് മുൻപ് 2018-19 കാർഷിക വർഷത്തെ വിവരങ്ങളും പദ്ധതി നടപ്പിൽ വരുത്തിയതിനു ശേഷം 2022-23 കാർഷിക വർഷത്തെ വിവരങ്ങളുമാണ് ശേഖരിച്ചിട്ടുള്ളത്.

കൈവശഭൂമിയുടെ (ലാൻഡ് ഹോൾഡിങ്ങ്) വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ 4 സ്ട്രാറ്റങ്ങളായി വിഭജിക്കുന്നു. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ നൽകിയിട്ടുണ്ട്.

പട്ടിക 2.1 : കൈവശഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സ്ട്രാറ്റം തിരിച്ച്

സ്ട്രാറ്റം	ഭൂവിസ്തൃതി (ഏക്കറിൽ)	ഭൂവിസ്തൃതി (സെന്റിൽ)
I	1 ഏക്കറിൽ താഴെ	1 - 99 സെന്റ് വരെ
II	1 മുതൽ 3 ഏക്കറിൽ താഴെ	100 - 299 സെന്റ് വരെ
III	3 മുതൽ 5 ഏക്കറിൽ താഴെ	300 - 499 സെന്റ് വരെ
IV	5 ഏക്കറിനും അതിനു മുകളിലും	500 സെന്റിനു മുകളിൽ

ഗുണഭോക്താക്കളുടെ സാമൂഹികവിഭാഗം (പട്ടിക ജാതി, പട്ടിക വർഗ്ഗം, മറ്റുള്ളവർ), സാമൂഹികാവസ്ഥ (APL, BPL), തൊഴിൽ എന്നിങ്ങനെ തരംതിരിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. ജില്ലാതല സൂപ്പർവൈസറി ഓഫീസറുടെ മേൽനോട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ വിവര ശേഖരണം നടത്തുന്നു. പദ്ധതി നടപ്പാക്കിയതിലൂടെ പദ്ധതി പ്രദേശത്ത്, കാർഷിക

മേഖലയിലും ഭൂഗർഭ ജലവിതാനത്തിലും മണ്ണ് സംരക്ഷണത്തിലും ഉണ്ടായ മാറ്റം വിവര ശേഖരണത്തിലൂടെ വിലയിരുത്തുന്നു.

2.4.2 വിലയിരുത്തൽ പഠനം - ലക്ഷ്യങ്ങൾ

- പദ്ധതിക്ക് മുൻപും ശേഷവുമുള്ള ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങൾ വിലയിരുത്തുക.
- ദീർഘകാല വിളകളുടെയും കാലിക വിളകളുടെയും വിസ്തൃതി വിലയിരുത്തുക.
- ദീർഘകാല വിളകളിൽ നിന്നും കാലിക വിളകളിൽ നിന്നും ലഭിക്കുന്ന ഉൽപ്പാദനം, മൂല്യം ഇവ വിലയിരുത്തുക.
- കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം, ചെലവ്, അറ്റാദായം ഇവ വിലയിരുത്തുക.
- ഏപ്രിൽ, മെയ് മാസങ്ങളിൽ കിണറിലെ ജലനിരപ്പിൽ വന്നിട്ടുള്ള വ്യതിയാനം വിശകലനം ചെയ്യുക.
- പദ്ധതി നടപ്പിലാക്കുന്നതിൽ വാട്ടർഷെഡ് കമ്മിറ്റിയുടെ പങ്കാളിത്തവും കാര്യക്ഷമതയും വിശകലനം ചെയ്യുക.
- പദ്ധതിയുടെ സുസ്ഥിരത വിലയിരുത്തുക.
- മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ കർഷകർക്കും പൊതുജനങ്ങൾക്കും ലഭിച്ച പ്രയോജനങ്ങൾ, പ്രത്യേകിച്ച് കാർഷിക ഉൽപാദനത്തിൽ ഉണ്ടായ വർദ്ധനവ്, വരൾച്ചയുടെ തീവ്രതയിലെ കുറവ് എന്നിവ വിലയിരുത്തുക.
- പദ്ധതികൾ നടപ്പിലാക്കിയതിലൂടെ അധികമായി കൃഷിയിലേക്ക് കൊണ്ടുവന്ന ഭൂമിയുടെ അളവ് കണക്കാക്കുക.
- മണ്ണ് സംരക്ഷണ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക.

അദ്ധ്യായം 3

മാലയിൽ പരുത്തിയറ നീർത്തട പദ്ധതി- വിലയിരുത്തൽ പഠനം

3.1 പദ്ധതിയെപ്പറ്റി

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിയം ഗ്രാമപഞ്ചായത്തിലെ മാലയിൽ, കായില, വെളിയം ടൗൺ, വെളിയം കോളനി, പരുത്തിയറ എന്നീ വാർഡുകളിലായിട്ടാണ് മാലയിൽ പരുത്തിയറ നീർത്തട പദ്ധതി നടപ്പിലാക്കിയത്. RIDF പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ഒരു ഗുണഭോക്തൃ സമിതിയാണ് 2019-20 വർഷത്തിൽ വാട്ടർ ഷെഡിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശങ്ങളിൽ ടി പദ്ധതി വളരെയധികം പ്രാധാന്യം ഉള്ളതായിരുന്നു.

മാലയിൽ പരുത്തിയറ തോടിന്റെ വൃഷ്ടി പ്രദേശത്ത് ഏകദേശം 300 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. മഴക്കാലത്ത് രൂക്ഷമായ മണ്ണൊലിപ്പും വേനൽക്കാലത്ത് കഠിനമായ വരൾച്ചയും അനുഭവപ്പെടുന്ന പ്രദേശങ്ങളായിരുന്നു. കുത്തനെയുള്ള ചെരിവുകൾ ഉള്ള ധാരാളം പ്രദേശങ്ങൾ ഈ വാട്ടർഷെഡിൽ ഉൾപ്പെടുന്നു. 15 മുതൽ 40 ശതമാനം വരെ ചെരിവുള്ളതാണ് പദ്ധതി പ്രദേശം.

ടി പദ്ധതിയിൽ ഉൾപ്പെട്ട 240 ഗുണഭോക്താക്കളിൽ ഭൂരിഭാഗം ജനങ്ങളും കർഷകരാണ്. അവരുടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിലൂടെ വിളരീതി മെച്ചപ്പെടുത്തുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതു വഴി നീർത്തട പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിച്ചതായും പ്രദേശത്തെ കിണറുകളിൽ ജലത്തിന്റെ അളവ് കൂടിയതായും പ്രദേശവാസികൾ അഭിപ്രായപ്പെട്ടു.

3.2 വെളിയം ഗ്രാമപഞ്ചായത്തിലൂടെ - പൊതുവിവരങ്ങൾ

പട്ടിക 3.1 : വെളിയം ഗ്രാമപഞ്ചായത്ത്- പൊതുവിവരങ്ങൾ

ഗ്രാമ പഞ്ചായത്ത്	:	വെളിയം
വില്ലേജ്	:	വെളിയം
ബ്ലോക്ക് പഞ്ചായത്ത്	:	കൊട്ടാരക്കര
താലൂക്ക്	:	കൊട്ടാരക്കര
നിയമസഭാ മണ്ഡലം	:	കൊട്ടാരക്കര
പാർലമെന്റ് മണ്ഡലം	:	കൊല്ലം
വിസ്തീർണ്ണം	:	15.13 ച.കി. മി
അക്ഷാംശം	:	$8^{\circ}54' 00''$ N മുതൽ $8^{\circ}56'00''$ N
രേഖാംശം	:	$76^{\circ}45'00''$ E മുതൽ $76^{\circ}48'00''$ E
വാർഡുകളുടെ എണ്ണം	:	19
ജനസംഖ്യ	:	16298 (2011 സെൻസസ്)
പുരുഷൻമാർ	:	7692
സ്ത്രീകൾ	:	8606
പട്ടികജാതി വിഭാഗം	:	2938
പുരുഷൻമാർ	:	1370
സ്ത്രീകൾ	:	1568
പട്ടിക വർഗ്ഗ വിഭാഗം	:	31
പുരുഷൻമാർ	:	12
സ്ത്രീകൾ	:	19
സാക്ഷരത	:	83.97 %
പുരുഷൻമാർ	:	85.61 %
സ്ത്രീകൾ	:	82.50 %



MAALAYIL-PARUTHIYARA WATERSHED
TREATED MAP
Yashikuzhi
Veliyam welcose
To Odanavattam
Temple
Ayurvedic Dispensary
Paruthiyara jn
Veliyam Colony Jn:
To Veliyam jn:
Maravangottu kunnu
To Veliyam mavila jn:
Maalayil Temple
To Kaithayil
INDEX
Watershed boundery
Road
RCC Circular Farm Pond
Ring Pond
SPCB
Stabilization Structure
Retaining wall ,Drain
Checkdam
Strip Terracing
Staggered trench
350 Ha Total Area
300 Ha Treated Area
District : Kollam
Block : Kottarakkara
Thaluk : Kottarakkara
Panchayath : Veliyam
Village : Veliyam
Assembly constituency : Kottarakkara
Latitude : 8° 54' to 8° 56' E
Longitude : 76° 45' to 76° 48'E
Watershed code : 612 I
SCALE: 1 : 10000
Prepared by:
Saritha Krishna. P
Surveyor
SOIL CONSERVATION OFFICER
KOTTARAKKARA

3.3 പ്രധാന വസ്തുതകൾ

മാലയിൽ-പരുത്തിയറ നീർത്തട പദ്ധതിയുടെ വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ടു കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

- വെളിയം ഗ്രാമപഞ്ചായത്തിലെ മാലയിൽ, കായില, വെളിയം ടൗൺ, വെളിയം കോളനി, പരുത്തിയറ എന്നീ വാർഡുകളിലായി **12/12/2014** ൽ ആരംഭിച്ച ഈ പദ്ധതി **31/03/2020** ൽ ആണ് പൂർത്തീകരിച്ചത്.
- വ്യക്തിഗത ഭൂവികസന പ്രവർത്തനങ്ങളായ കല്ലുകയ്യാല, പാർശ്വസംരക്ഷണം, റബ്ബർ തടം, മഴക്കുഴി നിർമ്മാണം കിണർ റീചാർജിംഗ് എന്നിവയൊക്കെ പദ്ധതിയിലെ പ്രവർത്തനങ്ങളായിരുന്നു.
- റബ്ബർ, മരിച്ചീനി, കുരുമുളക്, തെങ്ങ്, നെല്ല്, ഏത്തവാഴ എന്നിവയാണ് പദ്ധതിപ്രദേശത്തെ പ്രധാന കാർഷികവിളകൾ.
- പദ്ധതിപ്രദേശത്ത് നടപ്പിലാക്കിയ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ പ്രദേശത്തെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും കാരണമായിട്ടുണ്ട്.
- പദ്ധതിയിലൂടെ നടപ്പിലാക്കിയ കോണ്ടൂർ ബണ്ട്, കിണർ റീചാർജിംഗ്, നീർച്ചാൽ നിർമ്മാണം തുടങ്ങിയവയെല്ലാം പ്രദേശത്ത് സുസ്ഥിര കാർഷികോൽപാദനത്തിനുള്ള സാഹചര്യമുണ്ടാക്കി എന്നുള്ളതാണ് പ്രദേശവാസികളുടെ പൊതു അഭിപ്രായം.

3.4 രൂപരേഖ

പട്ടിക 3.2 : പദ്ധതിയുടെ രൂപരേഖ

ജില്ല	:	കൊല്ലം
ഗ്രാമ പഞ്ചായത്തിന്റെ പേര്	:	വെളിയം
ബ്ലോക്ക് പഞ്ചായത്ത്	:	കൊട്ടാരക്കര
വില്ലേജ്	:	വെളിയം
പദ്ധതി ആരംഭിച്ച തീയതി	:	**12.12.2014**

പദ്ധതി അവസാനിച്ച തീയതി	:	**31.03.2020**
പദ്ധതി അടങ്കൽ തുക	:	**₹ 1,08,12,000**
പദ്ധതി നടപ്പിലാക്കിയ സ്കീം	:	**RIDF XIX**
പ്രധാന പ്രവർത്തനങ്ങൾ	:	കല്ലുകയ്യാല, മൺകയ്യാല, പുൽനടീൽ, ടെറസിംഗ്, തടയണകൾ, കിണർ റീചാർജിങ്, പാർശ്വഭിത്തി നിർമ്മാണം

3.5 ഗുണഭോക്താക്കളുടെ സാമൂഹിക വിഭാഗം

